**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** **24-06-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന്റെ സുരക്ഷാനയം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,**<br>**ശ്രീ. നജീബ് കാന്തപുരം,**<br>**ശ്രീ. എ. കെ. എം. അഷ്റഫ്,**<br>**ശ്രീ. പി. അബ്ദുൽ ഹമീദ്** | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** |

(എ) പൊട്ടിവീഴുന്ന വൈദ്യുതി ലൈനുകളിൽ നിന്നും ഷോക്കേറ്റുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നതായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) പൊട്ടി വീഴുന്ന വൈദ്യുതി ലൈനിൽ നിന്നും ഷോക്ക് ഏറ്റുള്ള അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുത അപകടങ്ങളെ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ട്. വൈദ്യുതി ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ കഴിഞ്ഞ രണ്ട് വർഷത്തെ അപേക്ഷിച്ച് 41% കുറഞ്ഞുവരുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കണക്ക് ചുവടെ ചേർക്കുന്നു.

| 2022-2023 | | | 2023-2024 | | |
|---|---|---|---|---|---|
| മനുഷ്യർ | മൃഗങ്ങൾ | ആകെ മരണങ്ങൾ | മനുഷ്യർ | മൃഗങ്ങൾ | ആകെ മരണങ്ങൾ |
| 14 | 29 | **43** | 8 | 10 | **18** |

(ബി) വൈദ്യുതി ലൈനുകളിൽ നിന്നുള്ള അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) വൈദ്യുതി ലൈനുകളിൽ നിന്നുള്ള അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.ലിമിറ്റഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്.

വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കും, മേൽനോട്ടം വഹിക്കുന്നവർക്കും, പൊതുജനങ്ങൾക്കും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽനിന്നും അപകടം ഉണ്ടാകാതിരിക്കാൻ വേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001:2007 എന്നിവ ഉൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളും ആണ് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ സുരക്ഷാ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. (BO(FTD) No. 31O /2019 (CSC/ Safety/2O19-20/03) Thiruvananthapuram, dated: O8.O4.2O19 പ്രകാരം രൂപീകൃതം) സുരക്ഷാനയവുമായി ബന്ധപ്പെട്ട് ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ വിഭാഗങ്ങളുടെ സേഫ്റ്റി പ്രോസിജിയർ തയ്യാറാക്കി എല്ലാ ഓഫീസുകളിലും പുസ്തക രൂപത്തിലും PDF രൂപത്തിലും ലഭ്യമാക്കിയിട്ടുണ്ട്.

വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാന്മാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ഷോൾഡർ ബാഗോടു കൂടി ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. സുരക്ഷയുടെ പ്രാധാന്യം നൽകി എല്ലാ ദിവസവും സൺറൈസ് മീറ്റിംഗ് സെക്ഷൻ തലത്തിൽ നടത്തുകയും ഫീൽഡ് ജീവനക്കാർ സുരക്ഷാ പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| | | | സുരക്ഷാ നയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി ജീവനക്കാർക്ക് വേണ്ടി സുരക്ഷാ നയവുമായി ബന്ധപ്പെട്ട പരിശീലന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സുരക്ഷാ കാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്നു ഉറപ്പ് വരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിങ്ങ് പ്രവർത്തിച്ചു വരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ തലത്തിൽ പ്രവർത്തി ഇടങ്ങളിൽ സുരക്ഷ പരിശോധന നടത്തി വരുന്നു.<br><br>വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനു മുമ്പ് വൈദ്യുതി ബന്ധം വിഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളുവെന്നു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക്സൈറ്റ് എർത്തിംഗ് രീതിയായ "**ഇക്വി പോടെൻഷ്യൽ ബോണ്ട് എർത്തിംഗ്**" നടപ്പാക്കി യിട്ടുണ്ട്).<br><br>ഫീൽഡിൽ സുരക്ഷാ നടപടിക്രമങ്ങൾ, സുരക്ഷാ നിയമങ്ങൾ, എന്നിവ പാലിക്കുന്നതിന്റെ ഫലപ്രദമായ വിലയിരുത്തലിനും, ഫീൽഡ് സ്റ്റാഫിന്റെ ജോലി സ്ഥലത്തെ പി.പി.ഇ. കളുടെ ഉപയോഗം എന്നിവ വിലയിരുത്തുവാൻ ചീഫ് സേഫ്റ്റി കമ്മീഷണർ ചെയർമാൻ ആയിട്ടുള്ള ഒരു സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി 25 ഇലക്ട്രിക്കൽ സർക്കിൾ അടിസ്ഥാനത്തിൽ മീറ്റിംഗ് നടത്തി.<br><br>ELCB അല്ലെങ്കിൽ RCCB എന്ന ഉപകരണം ഘടിപ്പിച്ച് മാത്രമാണ് എല്ലാ പുതിയ LT സർവീസ് കണക്ഷനുകളും നൽകുന്നത് (സപ്ലൈ കോഡ് 2014 രൂപീകൃതം ആയതിനു ശേഷം). ഇത് ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങളിലെ അപകടങ്ങൾ കുറയ്ക്കും.<br><br>സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായി (ലൈനുകൾക്ക് സമീപമുള്ള വൃക്ഷങ്ങളിൽ നിന്ന് ഫലങ്ങൾ അടർത്താൻ ലോഹ തോട്ടി ഉപയോഗിക്കുന്നത് തടയാൻ) KSEBL ദൃശ്യ/ ശ്രവ്യ/ പത്രമാധ്യമങ്ങൾ വഴി സുരക്ഷയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിങ്ങ്സ്, സുരക്ഷാവബോധ പരസ്യ ങ്ങൾ തുടങ്ങിയവ ജനങ്ങളിൽ എത്തിക്കുന്നു.<br><br>സുരക്ഷിതമായി വൈദ്യുതി വേലി സ്ഥാപിക്കുന്നതിന് ഡിസി എനർജൈ സറുകൾക്ക് അനുമതി നൽകി വരുന്നു.<br><br>കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു കേരള സർക്കാർ പ്രഖ്യാപിച്ച "ഊർജ്ജ കേരള മിഷൻ"-ന്റെ ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാ ക്കുന്നതിനു 'ദ്യുതി' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകി പ്രവത്തനങ്ങൾ നടത്തി വരുന്നു. ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക, റീ കണ്ടക്ടറിങ്ങ് വർക്കുകൾ, (AAAC to ACSR), ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) കവേർഡ് കണ്ടക്ടർ ഉപയോഗിക്കുക, ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണവേലി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ നടന്നു വരുന്നു. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു.<br><br>ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങളിലെ അപകടങ്ങൾ കുറയ്ക്കാൻവേണ്ടി വൈദ്യുത സുരക്ഷയെ കുറിച്ചുള്ള പൊതുജനബോധവൽക്കരണം നടത്തു ന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | അപകടങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ വൈദ്യുതി ബോർഡ് സുരക്ഷാനയം രൂപീകരിച്ചിട്ടുണ്ടോ? | (സി) | വൈദ്യുതി ലൈനുകളിൽ നിന്നുള്ള അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.ലിമിറ്റഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്.<br><br>വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കും, മേൽനോട്ടം വഹിക്കുന്നവർക്കും, പൊതുജനങ്ങൾക്കും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽനിന്നും അപകടം ഉണ്ടാകാതിരിക്കാൻ വേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001:2007 എന്നിവ ഉൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളും ആണ് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ സുരക്ഷാ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. (BO(FTD) No. 31O /2019 (CSC/ Safety/2O19-20/03) Thiruvananthapuram, dated: O8.O4.2O19 പ്രകാരം രൂപീകൃതം) സുരക്ഷാനയവുമായി ബന്ധപ്പെട്ട് ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ വിഭാഗങ്ങളുടെ സേഫ്റ്റി പ്രോസിജിയർ തയ്യാറാക്കി എല്ലാ ഓഫീസുകളിലും പുസ്തക രൂപത്തിലും PDF രൂപത്തിലും ലഭ്യമാക്കിയിട്ടുണ്ട്.<br><br>വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാന്മാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ഷോൾഡർ ബാഗോട്ടു കൂടി ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. സുരക്ഷയ്ക്കു പ്രാധാന്യം നൽകി എല്ലാ ദിവസവും സൺറൈസ് മീറ്റിംഗ് സെക്ഷൻ തലത്തിൽ നടത്തുകയും ഫീൽഡ് ജീവനക്കാർ സുരക്ഷാ പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു.<br><br>സുരക്ഷാ നയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി ജീവനക്കാർക്ക് വേണ്ടി സുരക്ഷാ നയവുമായി ബന്ധപ്പെട്ട പരിശീലന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സുരക്ഷാ കാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്നു ഉറപ്പു വരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിങ്ങ് പ്രവർത്തിച്ചു വരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ തലത്തിൽ പ്രവർത്തി ഇടങ്ങളിൽ സുരക്ഷ പരിശോധന നടത്തി വരുന്നു.<br><br>വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനു മുമ്പ് വൈദ്യുതി ബന്ധം വിഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളുവെന്നു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക്സൈറ്റ് എർത്തിംഗ് രീതിയായ "**ഇക്വി പോടെൻഷ്യൽ ബോണ്ട് എർത്തിംഗ്**" നടപ്പാക്കിയിട്ടുണ്ട്).<br><br>ഫീൽഡിൽ സുരക്ഷാ നടപടിക്രമങ്ങൾ, സുരക്ഷാ നിയമങ്ങൾ, എന്നിവ പാലിക്കുന്നതിന്റെ ഫലപ്രദമായ വിലയിരുത്തലിനും, ഫീൽഡ് സ്റ്റാഫിന്റെ ജോലി സ്ഥലത്തെ പി.പി.ഇ. കളുടെ ഉപയോഗം എന്നിവ വിലയിരുത്തുവാൻ ചീഫ് സേഫ്റ്റി കമ്മീഷണർ ചെയർമാൻ ആയിട്ടുള്ള ഒരു സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി 25 ഇലക്ട്രിക്കൽ സർക്കിൾ അടിസ്ഥാനത്തിൽ മീറ്റിംഗ് നടത്തി.<br><br>ELCB അല്ലെങ്കിൽ RCCB എന്ന ഉപകരണം ഘടിപ്പിച്ച് മാത്രമാണ് എല്ലാ പുതിയ LT സർവീസ് കണക്ഷനുകളും നൽകുന്നത് (സപ്ലൈ കോഡ് 2014 രൂപീകൃതം ആയതിനു ശേഷം). ഇത് ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങളിലെ അപകടങ്ങൾ കുറയ്ക്കും.<br><br>സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായി (ലൈനുകൾക്ക് സമീപമുള്ള വൃക്ഷങ്ങളിൽ നിന്ന് ഫലങ്ങൾ അടർത്താൻ ലോഹ തോട്ടി ഉപയോഗിക്കുന്നത് തടയാൻ) KSEBL ദൃശ്യ/ ശ്രവ്യ/ പത്രമാധ്യമങ്ങൾ വഴി സുരക്ഷയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിങ്ങ്സ്, സുരക്ഷാവബോധ പരസ്യ ങ്ങൾ തുടങ്ങിയവ ജനങ്ങളിൽ എത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | സുരക്ഷിതമായി വൈദ്യുതി വേലി സ്ഥാപിക്കുന്നതിന് ഡിസി എനർജൈ സറുകൾക്ക് അനുമതി നൽകി വരുന്നു.<br><br>കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു കേരള സർക്കാർ പ്രഖ്യാപിച്ച "ഊർജ്ജ കേരള മിഷൻ''-ന്റെ ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാ ക്കുന്നതിനു 'ദ്യുതി' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകി പ്രവത്തനങ്ങൾ നടത്തി വരുന്നു. ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക, റീ കണ്ടക്ടറിങ് വർക്കുകൾ, (AAAC to ACSR), ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) കവേർഡ് കണ്ടക്ടർ ഉപയോഗിക്കുക, ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണവേലി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ നടന്നു വരുന്നു. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു.<br><br>ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങളിലെ അപകടങ്ങൾ കുറയ്ക്കാൻവേണ്ടി വൈദ്യുത സുരക്ഷയെ കുറിച്ചുള്ള പൊതുജനബോധവൽക്കരണം നടത്തു ന്നുണ്ട്. |

സെക്ഷൻ ഓഫീസർ